(2) കാലതാമസംകൂടാതെ ബാധ്യതാ സർട്ടിഫിക്കറ്റുകൾ നൽകുവാൻ സാധിച്ചു. കമ്പ്യൂട്ടർ ഡാറ്റ ലഭ്യമായിട്ടുള്ള കാലയളവിലെ ബാധ്യതാ സർട്ടിഫിക്കറ്റ് അപേക്ഷ ലഭിക്കുന്നതിന്റെ പിറ്റേ ദിവസം തന്നെ നൽകിവരുന്നു.

(3) ആധാരങ്ങളുടെ രജിസ്ട്രേഷൻ പ്രക്രിയ സുഗമവും സുതാര്യവും ആക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ രജിസ്ട്രേഷൻ വിവരങ്ങൾ കേന്ദ്രീകൃത സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്.

(4) വ്യാജമുദ്രപ്പത്രങ്ങൾ തടയുന്നതിനായി ആധാര രജിസ്ട്രേഷനുകൾക്ക് ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(5) സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ വാല്യങ്ങളായി സൂക്ഷിച്ചിരിക്കുന്ന ആധാരപകർപ്പുകൾ സ്കാൻ ചെയ്തുകൊണ്ട് ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനും അതിലൂടെ ആധാരങ്ങളുടെ സർട്ടിഫൈഡ് കോപ്പികൾ അപേക്ഷകർക്ക് അതിവേഗത്തിൽ നൽകുന്നതിനുമുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു.

(6) സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളും തമ്മിൽ ബന്ധപ്പെടുത്തിക്കൊണ്ടുള്ള നെറ്റ്വർക്ക് സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

(7) പാർട്ണർഷിപ്പ് സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ, ചാരിറ്റബിൾ സൊസൈറ്റികളുടെ രജിസ്ട്രേഷൻ എന്നിവയും കമ്പ്യൂട്ടർവത്ക്കരിച്ചു. www.cgroops.kerala.gov.in എന്ന വെബ്സൈറ്റിലൂടെ സൊസൈറ്റി രജിസ്ട്രേഷനും പാർട്ണർഷിപ്പ് ഫേം രജിസ്ട്രേഷനുമുള്ള അപേക്ഷകൾ ഇന്റർനെറ്റ് മുഖേനിരം സമർപ്പിക്കാവുന്നതാണ്. രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സൊസൈറ്റികളുടെയും പങ്കുവ്യാപാര സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഈ വെബ്സൈറ്റിൽ നിന്ന് ലഭ്യമാകുന്നതാണ്.

**നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോജക്ട്**

254 (7225) ശ്രീ. വി. ടി. ബൽറാം :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോജക്ട് സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) എത്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പദ്ധതി നടപ്പിലാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) രജിസ്റ്റർ വാല്യൂങ്ങളുടെ സ്കാനിംഗ്, ആധാര വിവരങ്ങളുടെ ഡാറ്റാ എൻട്രി എന്നീ ജോലികൾ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം പ്രകാരം സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കിവരുന്നു.

(ബി) നിലവിൽ ആധാരപ്പകർപ്പുകൾക്കായുള്ള അപേക്ഷകൾ സബ് രജിസ്ട്രാർ ഓഫീസിൽ വരുന്ന മുറയ്ക്ക് ബന്ധപ്പെട്ട രജിസ്റ്റർ തെരഞ്ഞുനോക്കി ആധാരം കണ്ടുപിടിച്ച് ഡിജിറ്റൽ ക്യാമറയുടെയും കമ്പ്യൂട്ടറിന്റെയും സഹായത്താൽ പകർപ്പ് തയ്യാറാക്കുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. ഇതിനായി ബന്ധപ്പെട്ട ആധാരം അടങ്ങുന്ന രജിസ്റ്റർ തെരഞ്ഞുനോക്കുന്നതിനുള്ള കാലതാമസവും അപേക്ഷകളുടെ എണ്ണവും സമയപരിധിക്കുള്ളിൽ സേവനംനൽകുന്നതിന് തടസ്സമാകുന്നു.

ഈ കാലതാമസം പരിഹരിക്കുന്നതിനായി സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചുവരുന്ന പഴയ ആധാര വാല്യൂങ്ങൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കി നിലവിലെ രജിസ്ട്രേഷൻ ഡാറ്റായുടെ ഭാഗമാക്കി കൊണ്ട് ആധാരപകർപ്പുകൾ ഉടനടി നൽകാവുന്ന തരത്തിലുള്ള സേവനമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ബാധ്യതാ സർട്ടിഫിക്കറ്റുകൾ മാന്വലായി തയ്യാറാക്കി നൽകുമ്പോൾ 14 ദിവസംവരെ കാലതാമസം നേരിട്ടിരുന്നു. ആധാരവിവരങ്ങൾ ഡാറ്റാ എൻട്രി ചെയ്യുന്നതുമൂലം കക്ഷി അപേക്ഷിക്കുന്നതിന്റെ പിറ്റേന്നുതന്നെ ബാധ്യതാ സർട്ടിഫിക്കറ്റ് നൽകുവാൻ കഴിയുന്നതാണ്. കൂടാതെ ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തുന്നതോടെ ഓൺലൈനായി തന്നെ ബാധ്യതാ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സൗകര്യവും ലഭിക്കുന്നതാണ്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം പ്രകാരം 25% കേന്ദ്ര സഹായമാണ് പദ്ധതി നടപ്പിലാക്കുന്നതിനായി ലഭിക്കുന്നത്.

(ഡി) 2010 മുതൽ 2014 വരെയുള്ള കാലയളവിൽ 690.99 ലക്ഷം രൂപ കേന്ദ്ര വിഹിതമായി ലഭിച്ചതിൽ 573.89 ലക്ഷം രൂപ വിനിയോഗിക്കുകയുണ്ടായി. രജിസ്റ്റർ വാല്യൂങ്ങളുടെ സ്കാനിംഗ്, ഡാറ്റാ എൻട്രി എന്നിവയാണ് മേൽപദ്ധതിപ്രകാരം നടപ്പിലാക്കിവരുന്നത്. മൂന്ന് ജില്ലകളിൽ ഡാറ്റാ എൻട്രിയും ഏഴ് സബ് രജിസ്ട്രാർ ഓഫീസുകളിൽ സ്കാനിംഗും പൂർത്തീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly